നികുതി കുടിശ്ശികയ്ക്ക് നൽകിയ സ്റ്റേ

105 (4687) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വിവിധ നികുതികൾ വർദ്ധിപ്പിച്ചു ; ഓരോ ഇനത്തിലും വരുത്തിയ വർദ്ധന എത്രയായിരുന്നു ;

(ബി) 31-3-2011-ലെ നികുതിഘടനയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നത്തെ (30-6-15) നികുതിഘടന എത്ര ശതമാനം വർദ്ധനവാണ് കാണിക്കുന്നത് ;

(സി) 1-7-2011 മുതൽ 30-6-2015 വരെ നികുതി കുടിശ്ശികയ്ക്ക് എത്ര സ്റ്റേ അനുവദിച്ചു ; എത്ര കേസ്സുകൾ ; എത്ര രൂപയുടെ സ്റ്റേ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) 1-4-2015-ലെ കണക്കിൻപ്രകാരം എത്ര രൂപയുടെ നികുതി കുടിശ്ശിക ഉണ്ടായിരുന്നു ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) 1-4-11-ലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(എഫ്) പ്രസ്തുത കാലയളവിലെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ അനുവദിച്ചുവോ ; എങ്കിൽ എത്ര രൂപയ്ക്ക് സ്റ്റേ അനുവദിച്ചു ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ നിയമപ്രകാരം വർദ്ധിപ്പിച്ച നികുതികളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.* വർഷങ്ങളായി വർദ്ധിപ്പിക്കാതിരുന്ന വിവിധ കരണങ്ങളുടെ മുദ്ര നിരക്ക് കാലോചിതമായി പരിഷ്കരിക്കുകയും പുതുതായി ചില മുദ്രനിരക്കുകൾ ഏർപ്പെടുത്തുകയും ചെയ്തു. വിശദ വിവരം അനുബന്ധം 2-ൽ ചേർക്കുന്നു.* വാഹന നികുതി 4 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വാണിജ്യ നികുതിയിനത്തിൽ 2010-11-ലെ നികുതി പിരിവും 2014-15-ലെ നികുതി പിരിവും താരതമ്യം ചെയ്യുമ്പോൾ 73% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിവിധ കരണങ്ങളുടെ മുദ്ര നിരക്കിൽ ഉണ്ടായ വർദ്ധനവ് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്. വാഹന നികുതിയിനത്തിൽ 82.24% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അബ്കാരി കുടിശ്ശികയിനത്തിൽ 8 കേസ്സുകളിലായി 1,02,24,908 രൂപയ്ക്ക് ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ അണ്ടർ വാല്യുവേഷൻ കേസ്സുകളിൽ 2015 മേയ് മാസം വരെ 168 കേസ്സുകളിലായി 4.58 കോടി രൂപ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. 2015 ജൂൺ മാസത്തെ കണക്കുകൾ ലഭ്യമല്ല. വാഹന നികുതി കുടിശ്ശികയ്ക്ക് സർക്കാർ തലത്തിലോ വകുപ്പുതലത്തിലോ സ്റ്റേ ഒന്നും നൽകിയിട്ടില്ല. മറ്റ് വകുപ്പുകളിൽനിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 1-4-2015-ലെ കണക്കു പ്രകാരം 2,24,00,66,945 രൂപ അബ്കാരി കുടിശ്ശികയിനത്തിൽ നിലനിൽക്കുന്നു. വില്പന നികുതി, വാറ്റ്, കാർഷികാദായ നികുതി എന്നിയിനങ്ങളിൽ യഥാക്രമം 2741.44, 3591.83, 65.04 കോടി രൂപ കുടിശ്ശികയുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വാഹന നികുതിയിനത്തിലുള്ള കുടിശ്ശിക 1279.46 കോടി രൂപയാണ്. ഇതിൽ 984.49 കോടി രൂപ കെ.എസ്.ആർ.ടി.സി.-യുടെ നികുതി കുടിശ്ശികയാണ്. മറ്റിനങ്ങളിലെ നികുതി കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കെ.ജി.എസ്.ടി. പിരീഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒരു ആംനസ്റ്റി സ്കീം നടപ്പിലാക്കിയിരുന്നു. അതിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിരുന്നു. നിബന്ധനകൾക്ക് വിധേയമല്ലാത്ത എല്ലാ സ്റ്റേ ഉത്തരവുകളും പിൻവലിച്ചു. നിലവിലുള്ള അപ്പീലുകളും സ്റ്റേ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കാൻ ഡി.സി. (അപ്പീൽ)-മാരോട് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ മാസവും വർക്ക് റിവ്യൂ നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. സ്റ്റേ അനുവദിക്കുന്നതിന് നിബന്ധനയായി ഡിമാന്റിന്റെ 30% എങ്കിലും അടച്ചിരിക്കണം എന്ന മാനദണ്ഡം നടപ്പിലാക്കിവരുന്നു. ഹൈക്കോടതി സ്റ്റേ ഉള്ള കേസ്സുകളും ഹർജികൾ നിലവിലുള്ള കേസ്സുകളും A,B,C. എന്നീ ക്ലാസ്സുകളായി തരം തിരിച്ച് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് സ്റ്റേ നീക്കി കിട്ടുവാനും ഹർജികൾ എത്രയും പെട്ടന്ന് തീർപ്പാക്കുവാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. റവന്യൂ വകുപ്പ് മുഖാന്തിരം നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർമാരുടെ യോഗങ്ങൾ ചേരുകയും വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിശ്ശിക നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്ന ജില്ലയ്ക്ക് ഒരു കോടി രൂപയുടെ പ്രോത്സാഹന സമ്മാനം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അണ്ടർ വാല്യുവേഷൻ നടപടികൾ തീർപ്പാക്കുന്നതിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതിന്റെ കാലാവധി 31-3-2014-ൽ അവസാനിച്ചതിനെത്തുടർന്ന് കുടിശ്ശിക പിരിച്ചെടുക്കാനായി കക്ഷികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വരുന്നു. തുക ഒടുക്കാൻ തയ്യാറാകാത്ത കക്ഷികളിൽനിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക തുക ഈടാക്കാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ ആഴ്ചയിൽ ഒരു ദിവസം ടാക്സേഷൻ ജോലികൾക്കു മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) അബ്കാരി കുടിശ്ശികയിനത്തിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. 8,24,20,453 രൂപയ്ക്ക് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ഗതാഗതം എന്നീ വകുപ്പുകളുമായിബന്ധപ്പെട്ടുള്ള നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടില്ല. മറ്റ് ഇനങ്ങളിൽ അനുവദിച്ച സ്റ്റേ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംയോജിത ചെക്ക്പോസ്റ്റ്

106 (4688) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രധാന ചെക്ക്പോസ്റ്റുകളിൽ ഉൾപ്പെടെ ചരക്കുലോറിക്കാർക്കും ചരക്കുമായി വരുന്ന മറ്റ് വാഹനങ്ങൾക്കും ദീർഘനേരം പരിശോധനകൾക്കായി കാത്തുകിടക്കേണ്ടിവരുന്നതുമൂലം ചരക്കുനീക്കം സുഗമമല്ലാത്ത സാഹചര്യം നിലവിലുണ്ടോ ;

(ബി) ഈ പ്രശ്നങ്ങൾ ഉന്നയിച്ച് അടിക്കടി ലോറി സമരങ്ങൾ ഉണ്ടാകുകയും ഇത് സംസ്ഥാനത്തിന്റെ അവശ്യസാധന വിപണിയെ ബാധിക്കുകയും ചെയ്യുന്നുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്താറുണ്ട് ;

(സി) ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്കുഗതാഗതം സുഗമമാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ പരിശോധനകൾക്കായി കൂടുതൽ ജീവനക്കാരെ നിയോഗിച്ചും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് തയ്യാറാകുമോ ;

(ഡി) സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം പ്രാവർത്തികമാക്കുന്നകാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly